**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല ദേവസ്വം ഫണ്ടിൽ നിന്നും തട്ടിയെടുത്ത പണം ഈടാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പാത്രങ്ങളും മറ്റും വാങ്ങിയെന്ന് വ്യാജരേഖയുണ്ടാക്കി ശബരിമല ദേവസ്വം ഫണ്ടിൽ നിന്നും പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന വി. എസ്. ജയകുമാറിൽ നിന്നും അന്വേഷണ വിധേയമായി പണം തിരികെ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രീ.വി.എസ്.ജയകുമാറിന്റെ 50% പെൻഷൻ സ്ഥിരമായി തടയുന്നതിനും ടെർമിനൽ സറണ്ടർ ആനുകൂല്യം നൽകാതിരിക്കുന്നതിനും സസ്പെൻഷൻ കാലയളവ് സബ്സിസ്റ്റൻസ് അലവൻസിന് ഒഴികെ മറ്റ് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കാതിരിക്കുന്നതിനും 23.11.2020-ൽ ROC 14434/14/Sab/Est-1 നമ്പരായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ദേവസ്വം വകുപ്പ് മന്ത്രി ആരായിരുന്നു; മന്ത്രിയുമായി വി. എസ്. ജയകുമാറിന് എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ; വിശദമാക്കുമോ? | (ബി) | ശ്രീ.വി.എസ്.ജയകുമാർ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന 2014-15 കാലയളവിലാണ് ശബരിമലയിൽ പാത്രങ്ങളും മറ്റും സപ്ലൈ ചെയ്തതിലെ ക്രമക്കേടുണ്ടായിട്ടുള്ളത്. ടി കാലയളവിലെ ദേവസ്വം വകുപ്പ് മന്ത്രി സഹോദരനായ ശ്രീ.വി.എസ്.ശിവകുമാറായിരുന്നു. |

സെക്ഷൻ ഓഫീസർ